**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4584** **29-10-2021 - ൽ മറുപടിയ്ക്ക്**

**അണക്കെട്ടുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത് തടഞ്ഞ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ വാഴാനി ഉൾപ്പെടെയുള്ള വനംവകുപ്പിന് അധീനതയിലുള്ള അണക്കെട്ടുകളിൽ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നിഷേധിച്ചത് അണക്കെട്ട് പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവിഭാഗക്കാരായ ഹരിജൻ ഗിരിജൻ റിസർവോയർ ഫിഷറീസ് സഹകരണ സംഘത്തിൽപ്പെട്ട അംഗങ്ങൾക്ക് അവരുടെ ജീവനോപാധിയെ സാരമായി ബാധിച്ചിരിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിരോധനം പിൻവലിക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | 09-01-2014 തീയതിയിലെ സ.ഉ(ആർ.റ്റി) നമ്പർ 17/2014/വനം ഉത്തരവ് പ്രകാരം സംരക്ഷിത മേഖല/ സാങ്ചറികളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വാഴാനി ഉൾപ്പെടെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. ഇന്ത്യൻ മേജർ കാർപ്പുകൾ എന്നറിയപ്പെടുന്നത് പ്രധാനമായും കട്ല (Catla catla) രോഹ Labeo rohita), മൃഗാൽ Cirrhinus mrigala) എന്നിവയാണ്. ഉയർന്ന തോതിൽ പ്രജനനശേഷിയും, വളർച്ചാനിരക്കും, വിഭിന്ന ആഹാരരീതി, പുതിയതായി എത്തപ്പെട്ട സ്ഥലത്ത് ഇണങ്ങിച്ചേരുന്നതിനുള്ള കഴിവ് എന്നിവ അവലംബിക്കുന്ന ഇവയുടെ എണ്ണം വളരെ പെട്ടെന്ന് വർദ്ധിക്കുന്നതിനാലും ആഹാരം, വാസസ്ഥലം എന്നിവയ്ക്കായി തദ്ദേശീയമായ മൽസ്യങ്ങളുമായി മൽസരിക്കുന്നതിനാലും പ്രജനനശേഷി താരതമ്യേന കുറവുള്ള തദ്ദേശീയമായി കാണുന്ന മൽസ്യങ്ങളുടെ എണ്ണത്തിൽ കുറവ് വരുത്തുകയും അവയുടെ വംശനാശം സംഭവിക്കുകയും അവയെ ആശ്രയിച്ച് ജീവിക്കുന്ന നീർനായ്, പക്ഷികൾ എന്നിവയെ ബാധിക്കുകയും ചെയ്യുന്നു. ആയതിനാൽ, സംരക്ഷിതമേഖല, സാങ്ചറികളിലായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ